**ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി**
**ഹാജർ : ശ്രീ. ഫായിസ്.ടി, ന്യായാധികാരി**
**2024 ജനുവരി മാസം 17 തീയ്യതി**

**MC 58/2023**

അൻജല.പി.മാനുവൽ, വയസ്സ് : 47,
W/o.രാജേഷ്.കെ.ജോൺ,
കക്കുഴിയിൽ വീട്, H.No.19/225/D, : ഹർജിക്കാരി
പുതുപ്പാടി.പി.ഒ, കോഴിക്കോട്,
പിൻ-673 586.
(താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധി)
ശ്രീ. ജയ്സൺ ജോർജ്ജ് (ഹർജിക്കാരി ഭാഗം അഡ്വക്കറ്റ് )

രാജേഷ്.കെ.ജോൺ, വയസ്സ് :50,
S/o.കെ.എ).ജോൺ, കക്കുഴിയിൽ വീട്,
H.No.19/225/D,പുതുപ്പാടി.പി.ഒ, : എതിർകക്ഷി
കോഴിക്കോട്, പിൻ-673 586.
(താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധി)

നടപടിക്രമം : ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005 ലെ 12 വകുപ്പ് പ്രകാരം.

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005 ലെ 12 വകുപ്പ് പ്രകാരം ഹർജിക്കാരി ബോധിപ്പിച്ച ഹർജിയാണിത്.

2. ഹരജിയുടെ സംക്ഷിപ്ത രൂപം താഴെ പറയും പ്രകാരമാണ്:

എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവാണ്. ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ 06.09.2003 തീയ്യതി കണ്ണോത്ത് സെൻറ്മേരീസ് പള്ളിയിൽ നിന്ന് വിവാഹിതരായിട്ടുള്ളതും തുടർന്ന് എതിർകക്ഷിയോടൊപ്പം ഒരുമിച്ച് താമസിച്ച് വന്നിട്ടുള്ളതും ആയതിൽ 18 വയസ്സു പ്രായമുള്ള അഭിനവ് ജോൺ എന്ന ആൺകുട്ടിയും, 12 വയസ്സു പ്രായമുള്ള ഹെവാന ഇസബെൽ ജോൺ എന്ന പെൺകുട്ടിയും ജനിച്ചിട്ടുള്ളതുമാണ്. വിവാഹ സമയത്ത്

ഹർജിക്കാരിക്ക് 25 പവൻ സ്വർണ്ണാഭരണങ്ങളും, ഒന്നര ലക്ഷം രൂപയും നല്കിയിരുന്നു. രണ്ട് ലക്ഷം രൂപ പാരിതോഷികമായി നല്കാമെന്ന് ഹർജിക്കാരിയുടെ പിതാവ് സമ്മതിച്ചതാണെന്നും പ്രസ്തുത സംഖ്യയിൽ 50,000/- രൂപ പിന്നീട് നൽകാമെന്ന് പറഞ്ഞിരുന്നതുമാണ്. വിവാഹസമയത്ത് ഹർജിക്കാരി പരിയാരം മെഡിക്കൽ കോളജിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്തു വരികയായിരുന്നു. എതിർകക്ഷി ആ സമയം ദുബായിൽ ജോലി ചെയ്തു വരികയായിരുന്നു. ഡിസംബർ മാസത്തോടെ ഹർജിക്കാരിയും ദുബായിലേക്ക് പോവുകയും അവിടെ എതിർകക്ഷിക്കൊപ്പം താമസിച്ചു വന്നിരുന്നതുമാണ്. നാലു മാസം കഴിഞ്ഞപ്പോൾ ഹർജിക്കാരിക്ക് സ്റ്റാഫ് നഴ്സായി ജോലി ലഭിച്ചു. 2005 വർഷത്തോടെ ഹർജിക്കാരിയും എതിർകക്ഷിയും ഷാർജയിലേക്ക് താമസം മാറ്റി. എതിർകക്ഷി ഇപ്പോൾ Alkhajeeh Medical Group Bank Company യിൽ ജോലി ചെയ്തുവരുകയാണ്. ഹർജിക്കാരിയും പിന്നീട് 2012 മുതൽ ഷാർജയിലുള്ള AL ZAHRA Hospital ലിൽ ജോലി ചെയ്തു വന്നിരുന്നതാണ്. വിവാഹം കഴിഞ്ഞ് ഏതാനും മാസങ്ങൾ കഴിഞ്ഞതോടെ എതിർകക്ഷിയുടെ സ്വഭാവത്തിൽ മാറ്റം കണ്ടു തുടങ്ങി. എതിർകക്ഷി ഹർജിക്കാരിയോട് അനിഷ്ടത്തോടെ പെരുമാറാനും അനാവശ്യമായമ ഹർജിക്കാരിയെ മാനസികമായും ശാരീരികമായും ഉപദ്രവിക്കാനും തുടങ്ങി. വിവാഹസമയത്ത് നൽകാമെന്നു പറഞ്ഞ രണ്ട് ലക്ഷം രൂപയിൽ ബാക്കി 50,000/- രൂപ ലഭിച്ചില്ല എന്ന കാരണം പറഞ്ഞ് ഹർജിക്കാരിയെ നിരന്തരം ഉപദ്രവിച്ചു വന്നു. ഹർജിക്കാരിയുടെ 25 പവൻ സ്വർണ്ണാഭരണങ്ങളിൽ 17 പവൻ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി ഹർജിക്കാരിയോട് വാങ്ങിയെടുത്ത് ദുരുപയോഗം ചെയ്തു. 2006 വർഷം ലീവിൽ നാട്ടിൽ വന്നപ്പോൾ എതിർകക്ഷി ഹർജിക്കാരിയെ കഠിനമായി ദേഹോപദ്രവം ഏല്പിച്ചതിനെ തുടർന്ന് ഹർജിക്കാരി 5 ദിവസം ഓമശ്ശേരി ശാന്തി ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സിച്ചിരുന്നതാണ്. പോലീസ് കേസാകുമെന്ന് മനസ്സിലാക്കിയ എതിർകക്ഷിയും വീട്ടുകാരും മധ്യസ്ഥം മുഖാന്തിരം സംസാരിച്ച് മേൽ സംഭവം ഒത്തുതീർക്കുകയുണ്ടായി. പിന്നീട് കുറെ നാളത്തേക്ക് വലിയ പ്രശ്നങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഷാർജയിൽ ഹർജിക്കാരിയും കുട്ടികളും എതിർകക്ഷിക്കൊപ്പമാണ് താമസിച്ചുവന്നിരുന്നത്. എതിർകക്ഷി മദ്യപാനശീലമുള്ള ആളാണ്. മദ്യപിച്ചു കഴിഞ്ഞാൽ ഹർജിക്കാരിയെ കഠിനമായി ഉപദ്രവിക്കും. 2009 വർഷം ഹർജിക്കാരിയുടെ പിതാവ് മരണപ്പെടുകയുണ്ടായി. ഹർജിക്കാരിയുടെ പിതാവിൻെറ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ നാട്ടിലേക്ക് വിടുകയുണ്ടായില്ല. ഷാർജയിൽ താമസിക്കുന്ന സമയം ഹർജിക്കാരിയെക്കൊണ്ട് Sharjah ADCB Bank ൻെറ ഒരു ക്രെഡിററ് കാർഡ്

നിർബന്ധിച്ച് എടുപ്പിക്കുകയും ആ കാർഡ് എതിർകക്ഷി ഉപയോഗിക്കുകയും ചെയ്തതു വഴി 12,000-/ ദിർഹത്തിന്റെ ബാദ്ധ്യത ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജിക്കാരിയുടെ ശമ്പളവും മറ്റും വാങ്ങിയെടുക്കുമായിരുന്നു. മദ്യപിച്ച് ഹർജിക്കാരിയെയും കുട്ടികളെയും ഉപദ്രവിക്കുകയും , ഉപദ്രവിക്കുമ്പോഴൊക്കെ തനിക്ക് വിവാഹ ജിവിതത്തിന് താൽപര്യം ഇല്ല എന്നും വീട്ടുകാർ നിർബന്ധിച്ചതുകൊണ്ടാണ് വിവാഹം കഴിച്ചത് എന്നും എതിർകക്ഷി കൂടെ കൂടെ പറയുമായിരുന്നു. എതിർകക്ഷിയുടെ കൂടെ ഇനിയും ഷാർജയിൽ തുടർന്നാൽ ഹർജിക്കാരിക്കും കുട്ടികൾക്കും ജീവനു തന്നെ ഭീഷണി ആകുമെന്ന് മനസിലാക്കിയ ഹർജിക്കാരി ഈ കാര്യങ്ങളൊക്കെ വീട്ടുകാരെ അറിയിക്കുകയുണ്ടായി.തുടർന്ന ഇരു വീട്ടുകാരും എതിർകക്ഷിയുമായി ബന്ധപ്പെട്ടതിൽ ഹർജിക്കാരിയും കുട്ടികളും എതിർകക്ഷിക്കൊപ്പം താമസിക്കുന്നത് ഇഷ്ടമല്ല എന്നും അതുകൊണ്ട് ഹർജിക്കാരി ജോലി രാജിവെച്ച കുട്ടികളെയും കൂട്ടി നാട്ടിൽ പുതുപ്പാടിയിലുള്ള വീട്ടിൽ താമസിക്കണമെന്നും അല്ലെങ്കിൽ ഇനിയും പ്രശ്നങ്ങൾ ഉണ്ടാക്കും എന്ന് അറിയിക്കുകയുണ്ടായി. അതിനെതുടർന്ന് ഹർജിക്കാരി ജോലി രാജിവെച്ച് കുട്ടികളെയും കൂട്ടി ഹർജിക്കാരി നാട്ടിലേക്ക് മടങ്ങാൻ നിർബന്ധിതയാവുകയും ചെയ്തു. നാട്ടിൽ ഹർജിക്കാരിയും കുട്ടികളും പുതുപ്പാടിയിലുള്ള എതിർകക്ഷിയുടെ വീട്ടിലാണ് കഴിഞ്ഞു വരുന്നത്. പ്രസ്തുത വീട് 2017 വർഷത്തിലാണ് പണി പൂർത്തീകരിച്ചത്. ഹർജിക്കാരി ജോലി രാജി വെക്കുമ്പോൾ 90,000 ദിർഹംസ് പ്രതിമാസ ശമ്പളം ഉണ്ടായിരുന്നു. എതിർകക്ഷിയുടെ നിർബന്ധം മൂലവും ഉപദ്രവം സഹിക്കാതെയുമാണ് ഹർജിക്കാരി ജോലി രാജി വെച്ചത്. മേപ്പടി വീടുപണിക്കായി ഷാർജയിലെ എമിറേറ്റസ് ഇസ്ലാമിക് ബാങ്കിൽ നിന്നും 1,20,000/- ദിർഹം (മുപ്പത് ലക്ഷം രൂപ) ലോൺ എടുപ്പിച്ചിരുന്നു. പ്രസ്തുത സംഖ്യ എതിർകക്ഷി ഹർജിക്കാരിയിൽ വാങ്ങിയെടുത്ത് വീടുപണിക്കായി ഉപയോഗിച്ചിട്ടുള്ളതാണ്. കൂടാതെ 10 ലക്ഷം രൂപ രണ്ട് തവണകളായി മാതാവ് മേരി എതിർകക്ഷിയുടെ പിതാവ് ജോണിനെ വീടു പണിക്കായി എതിർകക്ഷി ആവശ്യപ്പെട്ട പ്രകാരം ഏൽപ്പിച്ചിട്ടുണ്ട്. ഹർജിക്കാരിയുടെ കുടുംബവിഹിതമായി നല്കിയ പണമാണ് പ്രസ്തു പത്ത് ലക്ഷം രൂപ. എതിർകക്ഷി കമ്പനിയിൽ ഫിനാൻസ് മാനേജർ ആണ്. ആയതിൽ നിന്നും 22,000 ദിർഹം പ്രതിമാസ ശമ്പളം ലഭിക്കുന്നുണ്ട്. (സുമാർ അഞ്ച് ലക്ഷം രൂപ).ഹർജിക്കാരി വീടു പണിക്ക് മുടക്കിയ മേപ്പടി 30,00,000/- രൂപയും , പത്ത് ലക്ഷം രൂപയും എതിർകക്ഷി ഹർജിക്കാരിക്ക് മടക്കി നല്കിയിട്ടില്ല. KSFE യിൽ നിന്നും ചിട്ടി വിളിച്ച് ലഭിച്ച 10,01,389/- രൂപയും എതിർകകഷി കൈപ്പറ്റിയിട്ടുള്ളതാണ്.ഹർജിക്കാരിയുടെ സൌത്ത് ഇന്ത്യൻ ബാങ്ക്

കൈതപ്പൊയിൽ ശാഖയിലെ അക്കൌണ്ട് മുഖേന 01.11.2020 മുതൽ 30.11.2020 വരെയുള്ള സമയങ്ങളിലാണ് മേൽ പ്രകാരം പണം എതിർകക്ഷിയുടെ HDFC ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. പ്രസ്തുത സംഖ്യ ഹർജിക്കാരിക്ക് തിരികെ നല്കിയിട്ടില്ല.

3. ഹർജിക്കാരിയെ അതികഠിനമായി ഉപദ്രവിക്കുകയും ഹർജിക്കാരിയുടെ ജീവൻ തന്നെ അപകടത്തിലാവുകയും ചെയ്ത സാഹചര്യത്തിലാണ് ജോലി രാജിവെക്കേണ്ടി വന്നത്. ഇനി തിരികെ പോയാൽ പ്രസ്തുത ജോലിയോ സമാനമായ ശമ്പളത്തോടെ മററ് ജോലികളോ ലഭിക്കുന്നതല്ല. ജോലി രാജിവെച്ചില്ലായിരുന്നെങ്കിൽ ചുരുങ്ങിയത് പത്ത് വർഷംകൂടി പ്രസ്തുത ആശുപത്രിയിൽ ജോലി ചെയ്യാൻ സാധിക്കുമായിരുന്നു. അതുമൂലം പർതിവർഷം ഇരുപത്തി നാല് ലക്ഷം രൂപ ഹർജിക്കാരിക്ക് ശമ്പളമായി ലഭിക്കുമായിരുന്നു. അപ്രകാരം പത്ത് വർഷം കൂടി പ്രസ്തുത ആശുപത്രിയിൽ ജോലി ചെയ്യുക വഴി ഹർജിക്കാരിക്ക് ലഭിക്കേണ്ട് രണ്ട് കോടി നാൽപ്പത് ലക്ഷം രൂപയാണ് എതിർകക്ഷിയുടെ മേപ്പടി പ്രവർത്തി മൂലം ഹർജിക്കാരിക്ക് നഷ്ടമായിരിക്കുന്നത്യ പ്രസ്തുത സംഖ്യ ഹർജിക്കാരിക്ക് വസൂലാക്കി കിട്ടേണ്ടതാണ്. 2021 മെയ് മാസം ഹർജിക്കാരിയും കുട്ടികളും നാട്ടിൽ വന്ന് താമസം തുടങ്ങിയതിനുശേഷം എതിർകക്ഷി 2022 സെപ്തംബർ മാസവും 2023 മെയ് മാസവും നാട്ടിൽ വരുകയും ഹർജിക്കാരിക്കും കുട്ടികൾക്കും ഒപ്പം താമസിക്കുകയും ചെയ്തു. എന്നാൽ ആസമയങ്ങളിലൊക്കെ എതിർകക്ഷി ഹർജിക്കാരിയോട് മോശമായി പെരുമാറുകയും കുട്ടികളുടെ മുമ്പിൽ വെച്ച് ചീത്ത വിളിക്കുകയും മർദ്ദിക്കുകയും ചെയ്തിട്ടുള്ളതാണ്. 18.092023 തീയ്യതി മദ്യപിച്ചെത്തിയ എതിർകക്ഷി ഹർജിക്കാരിയുടെ മുടിക്കുത്തിനു പിടിച്ച് മർദ്ദിക്കാൻ തുടങ്ങിയപ്പോൾ ഒരു വിധത്തിൽ പിടിവിടുവിച്ച് മുറിയിൽ കയറി വാതിൽ അടച്ചെങ്കിലും വാതിൽ ചവിട്ടിതുറന്ന് വീണ്ടും മർദ്ദിക്കുകയും ഹർജിക്കാരി ഓടി മകൻെറ മുറിയിൽ കയറി കതകടച്ച് രക്ഷപ്പെടുകയുമാണുണ്ടായത്. അന്നേദിവസം ഹർജിക്കാരിയും കുട്ടികളും എതിർകക്ഷിയുടെ സഹോദരിയുടെ വീട്ടിലാണ് കഴിഞ്ഞത്. പിറ്റേന്ന് വീട്ടിലേക്ക് ചെന്നെങ്കിലും കയറ്റുകയുണ്ടായില്ല. തുടർന്ന് സ്വന്തം വീട്ടിലേക്ക് പോവുകയും ചെയ്തു. മേൽ സംഗതികൾക്ക് 20.9.2013 തീയ്യതി എതിർകക്ഷിക്കെതിരെ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ ഒരു പരാതി ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയും ഹർജിക്കാരിക്കും മക്കൾക്കും ചിലവിനു നൽകാമെന്നും മേലിൽ ഉപദ്രവിക്കില്ലെന്നും ഉറപ്പുനല്കിയിരുന്നതുമാണ്.

4. ഹർജിക്കാരിയും കുട്ടികളും മേപ്പടി വീട്ടിൽ നിന്നും

ഇറങ്ങിപ്പോകണമെന്നും എതിർകക്ഷിക്ക് വീട് വില്ക്കണമെന്നും പറഞ്ഞാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. ഹർജിക്കാരിക്കും മക്കൾക്കും താമസിക്കാൻ വേറെ വീടുകളില്ല. ഹർജിക്കാരി എതിർകക്ഷിക്കൊപ്പം പങ്കിട്ടുപാർത്തുവരുന്നതും ഹർജിക്കാരിയുടെ കൂടെ പണം ഉപയോഗിച്ച് നിർമ്മിച്ചതുമായ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട്ടിൽ എതിർകക്ഷിയുടെ ഉപദ്രവം കൂടാതെ ഹർജിക്കാരിക്കും കുട്ടികൾക്കും കഴിയേണ്ടതുണ്ട്. ഹർജിക്കാരിക്ക് ഇപ്പോൾ ജോലിയോ വരുമാന മാർഗ്ഗങ്ങളോ ഇല്ല. ഹർജിക്കാരിക്കും കുട്ടികൾക്കും ചിലവിന് നൽകാൻ എതിർകക്ഷി ബാദ്ധ്യസ്ഥനാണ്. ഹർജിക്കാരിയും കുട്ടികളും താമസിച്ചുവന്നിരുന്ന ജീവിത സാഹചര്യവും ജീവിത നിലവാരവും വെച്ച് ഭക്ഷണത്തിനു പുറമെ വസ്ത്രം, മരുന്ന് മറ്റു ദൈനംദിന ചിലവുകൾ ഇളയകുട്ടിയുടെ വിദ്യാഭ്യാസം എന്നീ ചിലവുകൾക്ക് പ്രതിമാസം 25,000/- രൂപ ചിലവു വരുന്നുണ്ട്. ആയത് നല്കാനുള്ള ബാദ്ധ്യത എതിർകക്ഷിക്കുണ്ട്. എതിർകക്ഷിക്ക് മേപ്പടി ജോലിയിൽ നിന്നും സുമാർ അഞ്ച് ലക്ഷം രൂപ വരുമാനമുണ്ട്. ഹർജിക്കാരിക്ക് തൊഴിലോ, മറ്റു വരുമാന മാർഗ്ഗങ്ങളോ ഇല്ല. ഹർജിക്കാരിയിൽ നിന്ന് എടുത്തു പറ്റിയ 17 പവൻ സ്വർണ്ണാഭരണമോ അല്ലെങ്കിൽ ആയതിൻെറ മാർക്കററ് വിലയോ ഹർജിക്കാരിക്ക് നല്കുന്നതിനും ഹർജിക്കാരിക്ക് ഗൾഫിൽ ഉണ്ടായിരുന്ന ജോലി എതിർകക്ഷിമൂലം ഉപേക്ഷിക്കേണ്ടി വന്നതിലൂടെ ഹർജിക്കാരിക്ക് 2 കോടി നാൽപ്പത് ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് എതിർകക്ഷിയിൽ നിന്നും വസൂലാക്കി കിട്ടുന്നതിനും, വേണ്ടിയാണ് ഈ ഹർജി ബോധിപ്പിച്ചിട്ടുള്ളത്.

5. എതിർകക്ഷിക്കുള്ള നോട്ടീസ് നടത്തി എങ്കിലും എതിർകക്ഷി ഹാജരാവുകയോ പ്രതിനിധീകരിക്കുകയോ ഉണ്ടായില്ല. ആയതിനാൽ 01.12.2023 തീയ്യതി എതിർകക്ഷിയെ പേര് വിളിച്ച് എക്സ്പാർട്ടി ആക്കി.

6. ഹർജി ഭാഗം തെളിവിന്റെ ഭാഗമായി ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. Ext.P1 മുതൽ Ext.P6 വരെ രേഖകൾ തെളിവിലേക്കായി മാർക്ക് ചെയ്തു.

7. ഹർജി ഭാഗം വക്കീലിന്റെ വാദം കേട്ടു.

8. താഴെ പറയുന്ന പരിഗണനാ വിഷയങ്ങൾ ആണ് ഉത്തരം കണ്ടെത്തേണ്ടത്.

1. ഹർജിക്കാരി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടോ ?
2. ഹർജിക്കാരിയെ എതിർകക്ഷി ഏതെങ്കിലും തരത്തിലുള്ള ഗാർഹിക പീഡനങ്ങൾക്കു വിധേയമാക്കുന്നത് തടഞ്ഞ് ഒരു സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?
3. ഹർജിക്കാരിയെയും മക്കളെയും പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട്ടിൽ നിന്നും എതിർകക്ഷി ഇറക്കിവിടുന്നത് തടഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?
4. പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട് എതിർകക്ഷി വിൽപ്പന നടത്തുന്നത് തടഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?
5. ഹർജിക്കാരിയുടെ 17 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ അതിൻെറ ഇന്നത്തെ മാർക്കററ് വിലയോ, എടുത്തു പറ്റിയ ഒന്നര ലക്ഷം രൂപയും ,കൂടാതെ കൈപ്പറ്റിയിട്ടുള്ള 10,01,389/- രൂപയും തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടോ?
6. എതിർകക്ഷിയിൽ നിന്നും പ്രതിമാസം സംരക്ഷണ ചിലവ് ലഭിക്കാൻ ഹർജിക്കാരിക്കും ഇളയ കുട്ടിക്കും അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്ര വീതം?
7. ഹർജിക്കാരിക്ക് വിദേശത്തുണ്ടായിരുന്ന ജോലി എതിർകക്ഷി കാരണം നഷ്ടപ്പെട്ടതിന് എതിർകക്ഷിയിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ നഷ്ടപരിഹാരതുക എത്ര?

9. **പരിഗണനാ വിഷയം 1 ഉം 2 ഉം:** ഹർജിക്കാരിയുടെ പ്രഥമ വിസ്താര അഫിഡവിറ്റിൽ ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹം 06.09.2003 തീയ്യതി കണ്ണോത്ത് സെൻറ്മേരീസ് പള്ളിയിൽ നിന്ന് വിവാഹിതരായിട്ടുള്ളതും തുടർന്ന് എതിർകക്ഷിയോടൊപ്പം ഒരുമിച്ച് താമസിച്ച് വന്നിട്ടുള്ളതും ആയതിൽ 18 വയസ്സു പ്രായമുള്ള അഭിനവ് ജോൺ എന്ന ആൺകുട്ടിയും, 12 വയസ്സു പ്രായമുള്ള ഹെവാന ഇസബെൽ ജോൺ എന്ന പെൺകുട്ടിയും ജനിച്ചിട്ടുള്ളതുമാണ്. എതിർകക്ഷിയിൽ നിന്നേറ്റ മാനസിക ശാരീരിക പീഡനങ്ങളെ പറ്റി ടിയാരി മൊഴി നൽകിയിട്ടുണ്ട്. മദ്യപിച്ചു വന്ന് ഹരജിക്കാരിയെയും കൂടാതെ കുട്ടികളെയും ഉപദ്രവിക്കുമായിരുന്നു എന്നും

മൊഴി നൽകിയിട്ടുണ്ട്. 2006 വർഷം ഹർജിക്കാരിയും എതിർകക്ഷിയും നാട്ടിൽ ലീവിനു വന്ന സമയം എതിർകക്ഷി ഹരജിക്കാരിയെ ഉപദ്രവിച്ചതിൽ ഓമശ്ശേരി ശാന്തി ആശുപത്രിയിൽ കാണിച്ച് ചികിത്സ തേടിയിരുന്നു എന്നും ഹർജിക്കാരി ഹർജിയിലും തെളിവു സത്യവാങ്മൂലത്തിലും ആരോപിച്ചു. എതിർകക്ഷി തുടർന്നും തന്നെ ദേഹോപദ്രവം ഏല്പിക്കാൻ സാധ്യത ഉണ്ട് എന്നും ആയതിനാൽ എതിർകക്ഷി തന്നെ ശാരീരികമായോ, മാനസികമായോ പീഡിപ്പിക്കുന്നത് തടയുന്നതിനുള്ള ഒരു ഉത്തരവ് ലഭിക്കേണ്ടത് അത്യാവശ്യമാണ് എന്നും ഹർജിക്കാരി ബോധിപ്പിച്ചു. എതിർകക്ഷി ഹർജിക്കാരിയെ ഗാർഹിക പീഡനത്തിന് വിധേയമാക്കിയതായി ഹർജിക്കാരി സമർപ്പിച്ച തെളിവു സത്യവാങ്മൂലത്തിൽ നിന്നും പ്രഥമ ദൃഷ്ട്യാ വ്യക്തമാണ്. മേൽപറഞ്ഞ വസ്തുതയുടെ അടിസ്ഥാനത്തിൽ എതിർകക്ഷി ഹർജിക്കാരിയെ ഗാർഹിക പീഡനത്തിന് വിധേയമാക്കിയതായും തുടർന്നും എതിർകക്ഷി തന്നെ ഉപദ്രവിക്കാൻ  സാധ്യത ഉണ്ട് എന്ന് ഹർജിക്കാരി ഭയപ്പെടുന്നതായി ഈ കോടതിക്ക് ബോദ്ധ്യം വന്നിരിക്കുകയാണ്.

10. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005 ലെ 3(a) വകുപ്പ് പ്രകാരം ഗാർഹിക പീഡനത്തിൻെറ നിർവ്വചനത്തിൽ ശാരീരിക ദുരുപയോഗവും വാക്കാലും വൈകാരികവുമായുള്ള ദുരുപയോഗവും, സാമ്പത്തികമായുള്ള ദുരുപയോഗവും ഉൾപ്പെടുന്നതായി പറഞ്ഞിട്ടുണ്ട്. മുകളിൽ ചർച്ച ചെയ്ത പ്രകാരം ഹർജിക്കാരി എതിർകക്ഷിയിൽ നിന്ന് ശാരീരികമായും, വാക്കാലും വൈകാരികപരമായും ദുരുപയോഗം ചെയ്യപ്പെട്ടതായി തെളിഞ്ഞിട്ടുള്ളതാണ്.  ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ടതുപോലെ ഒരു സംരക്ഷണ ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ട്.  ഒന്നും രണ്ടും പരിഗണന വിഷയങ്ങൾ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

11. **പരിഗണനാ വിഷയം 3 ഉം 4 ഉം:** ഹരജിക്കാരി ഇപ്പോൾ താമസിച്ചു വരുന്ന പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട്ടിൽ നിന്ന് ഇറക്കിവിടുകയോ, വീട് എതിർകക്ഷി വിൽപ്പന നടത്തുകയോ തടഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവു കിട്ടാൻ വേണ്ടിയുള്ളതാണ് ഹർജിക്കാരിയുടെ മറ്റൊരു വാദം. Ext.P1 ownerhsip certificate പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട് എതിർകക്ഷിയുടെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും, എതിർകക്ഷിയാണ് ഉടമസ്ഥനെന്നും മനസിലാവുന്നു.

എന്നിരുന്നാലും ഹർജിക്കാരിക്കും മക്കൾക്കും താമസിക്കാൻ വേറെ വീടുകളില്ലെന്നും, ഹർജിക്കാരിയും എതിർകക്ഷിയും പങ്കിട്ടു താമസിക്കുന്ന വീടാണെന്നും കോടതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ കേസിന്റെ വാദങ്ങളും മറ്റും പരിശോധിക്കുമ്പോൾ ഹരജിക്കാരി ഇപ്പോൾ താമസിച്ചു വരുന്ന പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട് ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2 (s) വകുപ്പ് പ്രകാരമുള്ള ഒരു പങ്കു പാർത്ത വീടാണെന്നും, ആയതിൽ ഹരജിക്കാരിയെയും മക്കളെയും സ്വൈര്യമായി താമസിക്കുന്നതിന് എതിർകക്ഷി യാതൊരു വിധത്തിലും തടസ്സം നിൽക്കരുത് എന്നും അത് വില്പന നടത്താൻ പാടില്ലെന്നുമുള്ള ഒരു ഉത്തരവ് ലഭിക്കാൻ ഹരജിക്കാരിക്ക് അർഹത ഉണ്ട്. ഈ വിഷയം ഹരജിക്കാരിക്ക് അനുകൂലമായി തീർപ്പാക്കിയിരിക്കുന്നു.

12. **പരിഗണനാ വിഷയം 6 :** ഹർജിക്കാരിക്കും ഇളയമകൾക്കും ഭക്ഷണാവശ്യങ്ങൾക്ക് നൽകാമെന്ന് സമ്മതിച്ച 16,000/- രൂപയും അതുകൂടാതെ വരുന്ന ചിലവുകൾക്ക് പ്രതിമാസം വേണ്ടിവരുന്ന 25,000/- രൂപയും അടക്കം 41,000/- രൂപ സംരക്ഷണചിലവിലേക്ക് എതിർകക്ഷിയിൽ നിന്ന് നല്കുവാൻ കല്പിച്ച് ഉത്തരവുണ്ടാവാനാണ് ഈ ഹർജിയിലെ മറ്റൊരാവശ്യം. ഹർജിയിലും സത്യവാങ്മൂലത്തിലും എതിർകക്ഷിക്ക് ജോലിയിൽ നിന്നും സുമാർ അഞ്ചു ലക്ഷം രൂപയിലധികം പ്രതിമാസ ശമ്പളം ലഭിക്കുന്ന ആളാണെന്നു ബോധിപ്പിച്ചിട്ടുണ്ട്. ഹർജിക്കാരിക്ക് ഇപ്പോൾ യാതൊരുവിധ വരുമാനവുമുള്ളതായി കാണുന്നില്ല. ഹർജിക്കാരിയും മക്കളും ഇപ്പോൾ ഒരുമിച്ചാണ് താമസം എന്ന് സത്യവാങ്മൂലം കൊണ്ട് കാണുന്നത്. എതിർകക്ഷിയും ഹർജിക്കാരിയുമായി ഗാർഹിക ബന്ധം ഉണ്ട് എന്ന് ഒന്നാം പരിഗണനാ വിഷയത്തിൽ നിന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഹർജിക്കാരിക്കും ഇളയ മകൾക്കും ചിലവിനു നല്കേണ്ടത് എതിർകക്ഷിയുടെ കർത്തവ്യമാണ്. ആയതിനാൽ നിലവിലെ ജീവിത സാഹചര്യവും ചിലവുകളും കണക്കിലെടുത്ത് ഹർജിക്കാരിക്കും ഇളയ മകൾക്കും പ്രതിമാസം 10,000/- ( പതിനായിരം) രൂപ വീതം ആകെ 20,000/- (ഇരുപതിനായിരം) രൂപ എതിർകക്ഷി ഹർജിക്കാരിക്ക് നല്കേണ്ടതാണ് എന്ന് ഉത്തരവിടുന്നു.

**13. പരിഗണനാ വിഷയം 5 :** ഹർജിക്കാരിയുടെ 17 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ അതിൻെറ ഇന്നത്തെ മാർക്കററ് വിലയോ, എടുത്തു പറ്റിയ ഒന്നര ലക്ഷം രൂപയും ,കൂടാതെ കൈപ്പറ്റിയിട്ടുള്ള 10,01,389/- രൂപയും തിരികെ നല്കണമെന്ന് കല്പിച്ച് ഉത്തരവുണ്ടാവാനാണ് ഈ ഹർജിയിലെ മറ്റൊരാവശ്യം. വിവാഹ സമയത്ത് തനിക്ക് വീട്ടുകാർ 25 പവൻ

സ്വർണ്ണാഭരണങ്ങളിൽ 17 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിയോട് വാങ്ങിയെടുത്ത് ദുരുപയോഗം ചെയ്യുകയുണ്ടായെന്നു ഹർജിക്കാരി ആരോപിച്ചു.എതിർകക്ഷി എക്സ്പാർട്ടി ആയതിനാൽ തന്നെ ആ മൊഴി ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. ആയതുകൊണ്ട് തന്നെ ആ മൊഴി ചോദ്യം ചെയ്യപ്പെടാത്ത മൊഴിയായി അവശേഷിക്കുന്നുണ്ട്. ഈ കേസിൽ എതിർകക്ഷി എക്സ്പാർട്ടി ആയതിനാൽ എതിർകക്ഷി ഭാഗത്തു നിന്നും യാതൊരു തെളിവുകളും ഹാജരാക്കിയിട്ടുമില്ല. ഹരജി ഭാഗം തെളിവിൽ നിന്നും ഹരജിക്കാരിയുടെ 17 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിയോട് വാങ്ങിയെടുത്ത് ദുരുപയോഗം ചെയ്തു എന്നും ആയത് എതിർകക്ഷി എടുത്ത് പറ്റി എന്നും അത് പിന്നീട് തിരിച്ച് കൊടുത്തിട്ടില്ല എന്നും വെളിവായിട്ടുണ്ട്. ആയതിനാൽ തന്നെ മേപ്പടി സ്വർണ്ണമോ ആയതിന്റെ അതാത് കാലത്തെ മാർക്കററ് വിലയ്ക്കനുസരിച്ച് എതിർകക്ഷിയിൽ നിന്നും തിരികെ ലഭിക്കാൻ ഹരജിക്കാരിക്ക് അർഹത ഉണ്ട് എന്ന നിഗമനത്തിലെത്തി ചേരാനാണ് സാധിക്കുന്നത്. കൂടാതെ 10,01,389/- രൂപ കൈപ്പററി എന്നത് ഹർജിക്കാരിയുടെ സൌത്ത് ഇന്ത്യൻ ബാങ്ക്, കൈതപ്പൊയിൽ ശാഖയിലെ Ext.P4 സ്റ്റേററ്മെൻറ് കൊണ്ടും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. PW1 ൻെറ തെളിവ് കൊണ്ട് തന്നെ അക്കൌണ്ട് മുഖേന പണം കൈപ്പറ്റി എന്നത് വ്യക്തമാണ്. ആയതിനാൽ കൈപ്പറ്റിയിട്ടുള്ള 10,01,389/- രൂപയും തിരിച്ചുകിട്ടാനുള്ള ഉത്തരവ് ലഭിക്കാൻ ഹരജിക്കാരിക്ക് അർഹത ഉണ്ട്. ആയതിനാൽ ഈ വിഷയം ഹരജിക്കാരിക്ക് അനുകൂലമായി തീർപ്പാക്കിയിരിക്കുന്നു.

**14. പരിഗണനാ വിഷയം 7:** ഹർജിക്കാരിക്ക് വിദേശത്തുണ്ടായിരുന്ന ജോലി എതിർകക്ഷി കാരണം നഷ്ടപ്പെട്ടതിന് എതിർകക്ഷിയിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടോ എന്നതാണ് മറ്റൊരു ആവശ്യം. എതിർകക്ഷിയിൽ നിന്നുണ്ടായ ഗാർഹിക പീഡനം മൂലം തനിക്ക് വിദേശത്തുണ്ടായിരുന്ന പ്രതിമാസം 2 ലക്ഷം രൂപ ശമ്പളം ലഭിക്കുന്ന ജോലി ഉപേക്ഷിച്ച് തനിക്ക് നാട്ടിലേക്ക് വരേണ്ടി വന്നു എന്നും അതുകൊണ്ട് 10 വർഷം വിദേശത്ത് ജോലി ചെയ്താൽ കിട്ടുമായിരുന്ന 2 കോടി നാല്പതു ലക്ഷം രൂപ എതിർകക്ഷിയിൽ നിന്നും നഷ്ടപരിഹാരമായി ലഭിക്കാൻ തനിക്ക് അർഹതയുണ്ട് എന്ന് ഹർജിക്കാരി വാദം ഉന്നയിച്ചു. 16.042012 മുതൽ 07.04.2021 തീയ്യതി വരെ ഷാർജയിൽ NMC ഹോസ്പിറ്റലിൽ ജോലി ഉണ്ടായിരുന്നു എന്നതിനെ സംബന്ധിച്ച് ഹർജിക്കാരി ഹാജരാക്കിയ Ext.P2 രേഖ കാണിക്കുന്നു. എതിർകക്ഷിയിൽ നിന്നുണ്ടായ ഗാർഹിക പീഡനം സംബന്ധിച്ച് താൻ ജോലി ചെയ്തിരുന്ന ഷാർജയിൽ ഹർജിക്കാരി പരാതി ബോധിപ്പിച്ചിട്ടില്ല എന്ന കാര്യം ഹർജിക്കാരി ഹർജിയിലും തെളിവു സത്യവാങ്മൂലത്തിലും സമ്മതിച്ചിട്ടുള്ളതാണ്.

വിദേശത്തെ ജോലി രാജി വെക്കുന്നതിനുമുമ്പ് എതിർകക്ഷിക്കെതിരെ ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പാകെ പരാതി ബോധിപ്പിക്കാനോ ജോലിയിൽ തുടരാനുള്ള ശ്രമം നടത്തുവാനോ ഹർജിക്കാരി തയ്യാറായിട്ടില്ല എന്നത് വ്യക്തമാണ്. ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പാകെ പരാതി ബോധിപ്പിച്ച് തനിക്ക് സ്വസ്ഥമായി വിദേശത്തുള്ള ജോലിയിൽ തുടരാനുള്ള ശ്രമം നടത്തുന്നതിനു പകരം ഹർജിക്കാരി ജോലി രാജി വെച്ച് നാട്ടിലേക്ക് പോരുകയാണ് ഉണ്ടായത്. അതുകൊണ്ട് തന്നെ എതിർകക്ഷിയിൽ നിന്നുണ്ടായ ഗാർഹിക പീഡനം മൂലമാണ് തനിക്ക് ജോലി നഷ്ടപ്പെട്ടത് എന്ന ഹർജിക്കാരിയുടെ വാദം സ്വീകാര്യമല്ല. അതുകൊണ്ട് തന്നെ വിദേശത്ത് ജോലിയിൽ നിന്ന് 10 വർഷംകൊണ്ട് കിട്ടുമായിരുന്നു എന്നു പറയുന്ന 2 കോടി 40 ലക്ഷം രൂപ എതിർകക്ഷിയിൽനിന്നും നഷ്ടപരിഹാരമായി ചോദിക്കാൻ ഹർജിക്കാരിക്ക് അർഹതയില്ല. എതിർകക്ഷിയിൽ നിന്നുണ്ടായ ഗാർഹിക പീഡനം കണക്കിലെടുത്ത് 2 ലക്ഷം രൂപ എതിർകക്ഷിയിൽ നിന്നും നഷ്ടപരിഹാരമായി ലഭിക്കാൻ ഹർജിക്കാരിക്ക് അർഹത ഉണ്ട് എന്ന് ഈ കോടതി കാണുന്നു.

15. മേൽ ചർച്ച ചെയ്ത 1 മുതൽ 7 വരെയുള്ള പരിഗണനാ വിഷയങ്ങളുടെ വെളിച്ചത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിക്കുന്നു.

1. ഹർജിക്കാരിയെയോ, മക്കളെയോ ഉപദ്രവിക്കുകയോ പരിക്ക് ഏല്പിക്കുകയോ, മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയോ, ഭീഷണിപ്പെടുത്തുകയോ ചെയ്ത്പോകരുത് എന്ന് എതിർകക്ഷിയെ കല്പിച്ചു നിരോധിച്ചു ഉത്തരവ് ആകുന്നു.
2. പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട്ടിൽ നിന്ന് ഹർജിക്കാരിയെയും മക്കളെയും ഇറക്കി വിടരുതെന്ന് എതിർകക്ഷിയോട് കല്പിച്ച് നിരോധിച്ച് ഉത്തരവായിരിക്കുന്നു.
3. ഹർജിക്കാരിയും മക്കളും താമസിക്കുന്ന പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീട് വില്പന നടത്തരുതെന്ന് എതിർകക്ഷയോട് കല്പിച്ച് നിരോധിച്ച് ഉത്തരവായിരിക്കുന്നു.
4. എതിർകക്ഷി എടുത്തുപറ്റിയ ഹർജിക്കാരിയുടെ 17 പവൻ സ്വർണ്ണാഭരണങ്ങളോ, അല്ലെങ്കിൽ ആയതിൻെറ വില അതാത് കാലത്തെ മാർക്കററ് വിലയ്ക്കനുസരിച്ച് ഒരു മാസത്തിനകം തിരികെ ഏല്പിക്കാൻ എതിർകക്ഷിയോട് കല്പിച്ച്

ഉത്തരവാകുന്നു.

5. എതിർകക്ഷി പണമായി എടുത്ത് പറ്റിയ 10,01,389/- (പത്തുലക്ഷത്തി ആയിരത്തി മുന്നൂറ്റി എൺപത്തൊൻപത് ) രൂപ നല്ലാൻ എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു. ഒരു മാസത്തിനകം മേൽപറഞ്ഞ തുക ഹർജിക്കാരിക്ക് നല്ലാത്ത പക്ഷം, തുക ഈടാക്കുന്നതു വരെ മേൽപറഞ്ഞ തുകയ്ക്ക് പ്രതിവർഷം 6% പലിശയും ചേർത്ത് എതിർകക്ഷിക്ക് നല്ലാൻ കല്പിച്ച് ഉത്തരവിടുന്നു.

6. ഹർജിക്കാരിക്കും മൈനറായ മകൾക്കും സംരക്ഷണ ചിലവിലേക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപ വീതം നല്ലാൻ എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു. മേൽപറഞ്ഞ പ്രകാരം 20000/- രൂപ (ഇരുപതിനായിരം) ഈ ഉത്തരവ് തീയ്യതി മുതൽ എല്ലാ മാസവും 5ാം തീയ്യതിക്കകം ഹർജിക്കാരിക്ക് നല്ലേണ്ടതാണ്.

7. ഹർജിക്കാരിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപ നല്ലാൻ എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു. ഒരു മാസത്തിനകം മേൽപറഞ്ഞ തുക ഹർജിക്കാരിക്ക് നല്ലാത്ത പക്ഷം, തുക ഈടാക്കുന്നതു വരെ മേൽപറഞ്ഞ തുകയ്ക്ക് പ്രതിവർഷം 6% പലിശയും ചേർത്ത് എതിർകക്ഷിക്ക് നല്ലാൻ കല്പിച്ച് ഉത്തരവിടുന്നു.

8. ഈ ഉത്തരവിന്റെ പകർപ്പ് ഇരുകൂട്ടർക്കും സൗജന്യമായി നൽകുവാനും ഒരു പകർപ്പ് താമരശ്ശേരി SHO യ്ക്ക് നൽകുവാനും ഉത്തരവായിരിക്കുന്നു.

9. S.R.O യ്ക്ക് ടി ഉത്തരവിൻെറ പകർപ്പ് നല്ലുക.

(ഈ ഉത്തരവിനെതിരെ ഉത്തരവ് തീയ്യതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.)

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2024 ജനുവരി മാസം 17 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ഒപ്പ്,
ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

**അനുബന്ധം**

ഹർജിഭാഗം വിസ്തരിച്ച സാക്ഷികൾ

PW1 : അൻജല.പി.മാനുവൽ (ഹർജിക്കാരി)

ഹർജിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :

| | | |
|---|---|---|
| P1 | : | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ Door No.19/225/D ആയിട്ടുള്ള വീടിൻെറ നികുതി രശീതിയുടെ കോപ്പി PW1 മുഖേന ഹാജരാക്കിയത്. |
| P2 | : | ഷാർജയിൽ NMC റോയൽ ഹോസ്പിറ്റലിൽ 16.04.2012 മുതൽ 12.07.2021 തീയ്യതി വരെ ജോലി ചെയ്തു എന്നു കാണിക്കാനുള്ള രേഖ PW1 മുഖേന ഹാജരാക്കിയത്. |
| P3 | : | ഷാർജയിലെ AL ZAHRA Hospital മാനേജ്മെൻറും തമ്മിൽ ഒപ്പിട്ട ജോലി സംബന്ധമായ കരാർ PW1 മുഖേന ഹാജരാക്കിയത്. |
| P4 | : | സൌത്ത് ഇന്ത്യൻ ബാങ്ക് കൈതപ്പൊയിൽ ശാഖയിലെ അക്കൌണ്ടിൻെറ 01.11.2020 മുതൽ 30.11.2020 വരെയുള്ള സ്റ്റേറ്റ്മെൻറിൻെറ അറ്റസ്റ്റഡ് കോപ്പി PW1 മുഖേന ഹാജരാക്കിയത്. |
| P5 | : | താമരശ്ശേരി പോലീസ് സ്റ്റേഷനിൽ നിന്നും വിവരാവകാശ നിയമപ്രകാരം ലഭിച്ച പെറ്റീഷൻ രജിസ്ട്രറിൻെറ ട്രൂ കോപ്പി PW1 മുഖേന ഹാജരാക്കിയത്. |
| P6 | : | കേരള പ്രോപ്പർട്ടി ഫൈൻഡർ എന്ന സൈറ്റിൽ വീട് വിൽക്കുന്നതിന് 20.2.23 തീയ്യതി ചെയ്ത പരസ്യം പ്രസ്തുത സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത പ്രിൻറ്ഔട്ട്. |

എതിർകക്ഷിഭാഗം വിസ്തരിച്ച സാക്ഷികൾ :

എതിർകക്ഷിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ:ഇല്ല

ഒപ്പ്,
ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

//ശരിപകർപ്പ്//

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി